സാഹിത്യ പ്രവർത്തക സഹകരണസംഘം ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ നടപടി

135 [3540] ശ്രീ. ടി. എൻ. പ്രതാപൻ:
" വി. ബാലറാം:
ശ്രീമതി മേഴ്സി രവി:
ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹിത്യ പ്രവർത്തക സഹകരണസംഘം ജീവനക്കാർക്ക് ശമ്പളം കൊടുത്തിട്ട് എത്ര കാലമായി;

(ബി) ആ ഇനത്തിൽ എത്ര കുടിശ്ശികയുണ്ട്;

(സി) സംഘത്തിന്റെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ സംഘം എന്തു തുക അടയ്ക്കാനുണ്ട്;

(ഡി) പ്രസ്തുത സംഘത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003 ജൂൺ മാസം വരെയുള്ള ശമ്പളം കൊടുത്തിട്ടുണ്ട്.

(ബി) കുടിശ്ശിക ഇല്ല.

(സി) 13.5 ലക്ഷം രൂപ അടയ്ക്കാനുണ്ട്.

(ഡി) സംഘത്തിന്റെ ആസ്തിയുമായി താരതമ്യപ്പെടുത്തുമ്പോൾ സാമ്പത്തിക സ്ഥിതി ആശാവഹമല്ല.

അപ്പക്സ് സഹകരണ സംഘങ്ങളുടെ ലാഭനഷ്ടം സംബന്ധിച്ച വിശദാംശങ്ങൾ

136 [3541] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ വകുപ്പിന് കീഴിലുള്ള അപ്പക്സ് സഹകരണ സംഘം ഓരോന്നിന്റെയും മുൻസാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരമുള്ള ലാഭനഷ്ടം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) അപ്പക്സ് സ്ഥാപനങ്ങൾ ഓരോന്നിലും സർക്കാരിന് എന്തു തുക വീതം ഷെയർ പാർട്ടിസിപ്പേഷനുണ്ട്;

(സി) മൂലധനത്തേക്കാൾ ഏറെ നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ വകുപ്പിന് കീഴിലുള്ള അപ്പക്സ് സഹകരണ സംഘങ്ങൾ ഓരോന്നിന്റെയും ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരമുള്ള ലാഭനഷ്ട കണക്കുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

ക്രമ നമ്പർ	അപ്പക്സ് സംഘത്തിന്റെ പേര്	ഓഡിറ്റ് വർഷം	ലാഭം (ലക്ഷത്തിൽ)	നഷ്ടം
1.	സംസ്ഥാന സഹകരണ ബാങ്ക്	2001-02	71.19	..
2.	സംസ്ഥാന കാർഷിക വികസന ബാങ്ക്	2001-02	978.52	..
3.	കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ	2001-02	47.13	..
4.	കേരള സംസ്ഥാന റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം നമ്പർ	1999-2000	..	3251.13
5.	കേരള സംസ്ഥാന സഹകരണ എസ്. സി./ എസ്. റ്റി. ഫെഡറേഷൻ	1997-98	..	104.66
6.	കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ	1996-97	..	5335.75
7.	കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ	1997-98	..	258.92

(ബി) സഹകരണ വകുപ്പിന് കീഴിൽ വരുന്ന അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽ നിന്നും നൽകിയ ഓഹരിയുടെ വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	അപ്പക്സ് സ്ഥാപനത്തിന്റെ പേര്	ഗവൺമെന്റ് ഓഹരി തുക (ലക്ഷത്തിൽ)
1.	സംസ്ഥാന സഹകരണ ബാങ്ക്	820.00
2.	സംസ്ഥാന കാർഷിക വികസന ബാങ്ക്	690.79
3.	ഹൗസിംഗ് ഫെഡറേഷൻ	575.78
4.	റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ	76.60
5.	എസ്. സി./എസ്. റ്റി. ഫെഡറേഷൻ	121.44
6.	മാർക്കറ്റിംഗ് ഫെഡറേഷൻ	219.96
7.	കൺസ്യൂമർ ഫെഡറേഷൻ	881.09

(സി) സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ.

LIBRARY ARCHIVES Kerala Legislative Assembly